LIBRARY ARCHIVES Kerala Legislative Assembly

പാറശാല പനച്ചമൂട് ഫിഷ് മാർക്കറ്റ് നവീകരണം

311(1057) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല നിയോജകമണ്ഡലത്തിൽ കിഫ്ബിയുടെ സഹായത്തോടെ തീരദേശ വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കുന്ന പനച്ചമൂട് ഫിഷ് മാർക്കറ്റ് നവീകരണപ്രവൃത്തിയുടെ പുരോഗതി അറിയിക്കാമോ?

പാറശ്ശാല നിയോജകമണ്ഡലത്തിൽ പനച്ചമൂട് മത്സ്യമാർക്കറ്റ് നിർമ്മാണത്തിനായി 462.82834 ലക്ഷം രൂപയുടെ അംഗീകാരം നൽകിയിരുന്നു. പ്രസ്തുത പ്രവൃത്തി 25-9-2020-ൽ ടെണ്ടർ ചെയ്ത് നടപ്പിലാക്കുന്നതിനായി കരാറിലേർപ്പെടുകയും ചെയ്തു. ഗ്രാമപഞ്ചായത്തിൽ നിന്നും പദ്ധതി നിർവ്വഹണത്തിനനുയോജ്യമായ സ്ഥലം കൈമാറുന്നതിലുണ്ടായ കാലതാമസം കാരണം കരാറുകാരനുമായുള്ള Firm period കഴിഞ്ഞതിനാൽ കരാറുകാരന്റെ അപേക്ഷ പ്രകാരം ടിയാളുമായുള്ള കരാർ റദ്ദാക്കിയിട്ടുണ്ട്. വെള്ളറട ഗ്രാമപഞ്ചായത്തിന്റെ LSGD അസിസ്റ്റന്റ് എഞ്ചിനീയറുടെ വാല്യുവേഷൻ പ്രകാരം കെട്ടിടങ്ങൾ പൊളിച്ചുമാറ്റുന്നതിന് ലേല നോട്ടീസ് പരസ്യപ്പെടുത്തിയിട്ടുള്ളതായും ടി സ്ഥലത്തുള്ള മരങ്ങൾ മുറിച്ചുമാറ്റുന്നതിന് ഫോറസ്റ്റിൽ നിന്നുള്ള വാല്യുവേഷൻ നാളിതുവരെ ലഭ്യമായിട്ടില്ലായെന്നും ആയത് ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. കിഫ്ബിയുടെ കത്ത് പ്രകാരം എല്ലാ മാർക്കറ്റുകൾക്കും നൽകുന്ന ധനസഹായം അതിൽ നിന്നും ലഭിക്കുന്ന വരുമാനത്തിന്റെ ഒരു ഭാഗം തിരിച്ചടയ്ക്കണമെന്നതിനാൽ കിഫ്ബിയുമായി LSGD, LSGI റവന്യു ഷെയറിംഗ് എഗ്രിമെന്റിൽ ഏർപ്പെട്ടതിനു ശേഷം മാത്രമേ അതത് പ്രവൃത്തികളുടെ കരാറുകാർക്ക് സെലക്ഷൻ നോട്ടീസ് നൽകാവുയെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. നിലവിലുള്ള കെട്ടിടങ്ങൾ പൊളിച്ചു നീക്കുകയും മരങ്ങൾ മുറിച്ച് മാറ്റുകയും ചെയ്തശേഷം കിഫ്ബിയുമായി LSGD, LSGI റവന്യു ഷെയറിംഗ് എഗ്രിമെൻറിൽ ഏർപ്പെട്ടതിനുശേഷം മാത്രമേ ടി പ്രവൃത്തിയുടെ കരാർ നടപടികളുമായി മുന്നോട്ടുപോകുവാൻ കഴിയുകയുള്ളു. DSR 2018 റേറ്റ് റിവിഷൻ നിലവിൽ വന്ന സാഹചര്യത്തിൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്ന നടപടികൾ കിഫ്ബിയുമായി ചേർന്ന് കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ സ്വീകരിച്ചു വരുന്നു.

(ബി) പ്രസ്തുത പ്രവൃത്തിക്കായി മുൻപ് തയ്യാറാക്കിയ മാസ്റ്റർപ്ലാനിൽ മാറ്റം വരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷനിൽ നിന്നും കിഫ്ബി അംഗീകാരത്തിനായി നൽകിയിട്ടുള്ള മാസ്റ്റർ പ്ലാനിൽ മാറ്റം വരുത്തിയിട്ടില്ല.

(സി) പ്രസ്തുത പദ്ധതിക്ക് എത്ര രൂപയാണ് വകയിരുത്തിയിട്ടുള്ളത്; പദ്ധതി എന്ന് പൂർത്തിയാകും; വിശദാംശം അറിയിക്കാമോ?

പനച്ചമൂട് മത്സ്യമാർക്കറ്റ് നിർമ്മാണത്തിനായി 462.82834 ലക്ഷം രൂപയുടെ അംഗീകാരം ലഭിച്ചിരുന്നു. പദ്ധതി ആരംഭിച്ചു കഴിഞ്ഞാൽ പരമാവധി ഒരു വർഷത്തിനുള്ളിൽ പൂർത്തീകരിക്കാൻ കഴിയുന്നതാണ്.

(ഡി) പദ്ധതി നടത്തിപ്പിലെ കാലതാമസം പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

സ്വീകരിക്കുന്നതാണ്.

മത്സ്യലേലത്തിൽ നിന്നും ഇടനിലക്കാരെ ഒഴിവാക്കുന്നതിന് നടപടി

312(1058) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യലേലത്തിൽ നിന്നും ഇടനിലക്കാരെ ഒഴിവാക്കുമെന്ന പ്രഖ്യാപനം നടപ്പിലാക്കാൻ കഴിയാത്തതിന്റെ കാരണങ്ങൾ വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രഖ്യാപനം നടപ്പിലാക്കുന്നതിനായി നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(സി) ഇതുമായി ബന്ധപ്പെട്ട് നിയമനിർമ്മാണം നടത്താൻ ഉദ്ദേശിച്ചിരുന്നോ; ഉണ്ടെങ്കിൽ അതിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

(എ-സി) സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികൾക്ക് അവർ പിടിച്ചു കൊണ്ടുവരുന്ന മത്സ്യത്തിന് ന്യായവില ഉറപ്പാക്കുന്നതിനും ഗുണമേന്മയുള്ള മത്സ്യം ഗുണഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനും ലക്ഷ്യമിട്ട് മത്സ്യലേലവും, വിപണനവും നിയന്ത്രിക്കുന്നതിനും വ്യവസ്ഥാപിതവും ശുചിത്വപൂർണ്ണവും കാര്യക്ഷമവുമായ ലേലവും വിപണനവും പ്രോത്സാഹിപ്പിക്കുന്നതിനും മത്സ്യത്തിന്റെ ഗുണനിലവാരം പരിപാലിക്കുന്നതിനുമായി മത്സ്യലേല വിപണന ഗുണനിലവാര പരിപാലന ഓർഡിനൻസ് സർക്കാർ പ്രസിദ്ധപ്പെടുത്തുകയും തുടർന്ന് പുനർവിജ്ഞാപനം ചെയ്യുകയും ഉണ്ടായി. പതിനഞ്ചാം നിയമസഭയുടെ മൂന്നാം സമ്മേളനത്തിൽ ബിൽ നിയമ സഭയിൽ അവതരിപ്പിച്ച് അംഗീകാരം നേടുന്നതിന് ലക്ഷ്യമിടുന്നു. അതിന് ശേഷം ചട്ടങ്ങൾ രൂപീകരിച്ച് നടപ്പാക്കുന്നതാണ്. ചട്ടങ്ങൾ രൂപീകരണ ഘട്ടത്തിലുമാണ്.

LIBRARY ARCHIVES Kerala Legislative Assembly